സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 187 2024 നവംബർ 12 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മുലപ്പാൽ തൊണ്ടയിൽ കുടുങ്ങി 85ദിവസം പ്രായമായ കുട്ടി മരിച്ചു

മണ്ണാർക്കാട്: മുലപ്പാൽ തൊണ്ടയിൽ കുടുങ്ങി 85 ദിവസം പ്രായമായ കുട്ടി മരിച്ചു. പാലക്കാട് മുട്ടികുളങ്ങര എം.എസ്. മൻസിലിൽ മജു ഫഹദ്-ഹംന ദമ്പതികളുടെ കുട്ടിയാണ് മരിച്ചത്. കുട്ടിയുടെ ഉമ്മവീടായ ചങ്ങലീരിയിലേക്കുവന്നതായിരുന്നു ഇവർ. ഇന്നു രാവിലെ 6.15നാണ് സംഭവം. ദമ്പതികൾക്ക് ഇരട്ടകുട്ടികളാണ്. രാവിലെ മുലപ്പാൽകൊടുത്ത് കുട്ടിയെ ഉറക്കികിടത്തിയിരുന്നു. കുറച്ചുകഴിഞ്ഞ് നോക്കിയപ്പോൾ കുട്ടി അനക്കമില്ലാതെ കിടക്കുന്നതാണ് കണ്ടത്. ഉടൻ മണ്ണാർക്കാട്ടെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും കുട്ടി മരിച്ചിരുന്നതായി പരിശോധിച്ച ആശുപത്രി അധികൃതർ അറിയിച്ചു. ഇരട്ടകുട്ടികളിലെ ആൺകുട്ടിയാണ് മരിച്ചത്.

സീപ്ലെയിൻ; കാലം മാറി എതിർത്തവർ തിരിച്ചെത്തിച്ചു; ഇനി സാധ്യതകളുടെ പുത്തൻ ആകാശത്തിലേക്ക്

തിരു: പുതിയ വികസന പദ്ധതികൾ അവതരിപ്പിക്കുമ്പോൾ പ്രതിഷേധം ഉയരുക എന്നത് എല്ലാകാലത്തും കേരളത്തിലെ സ്ഥിര കാഴ്ചയാണ്. ജനങ്ങളുടെ ആശങ്കകൾക്കൊപ്പം തന്നെ രാഷ്ട്രീയ പാർട്ടികളും അവസരത്തിനൊത്തുയരും. അത്തരത്തിൽ പല പദ്ധതികളും ആരംഭദശയിൽ തന്നെ ഉപേക്ഷിക്കപ്പെടുകയും ചില പദ്ധതികൾ കാലങ്ങൾക്ക് ശേഷം പ്രതിഷേധിച്ചവർ തന്നെ നടപ്പിലാക്കുകയും ചെയ്യുന്ന കാഴ്ചയും കേരളത്തിൽ സംഭവിച്ചിട്ടുണ്ട്. അത്തരത്തിൽ ഒരു പദ്ധതിയായിരുന്നു കഴിഞ്ഞ ദിവസം പരീക്ഷണപ്പറക്കലിന് വിധേയമായ സീ പ്ലെയിൻ പദ്ധതി. സി.പി.എം സംസ്ഥാന സെക്രട്ടറി എം.പി ഗോവിന്ദൻ തന്നെ പ്രതികരിച്ചത് എല്ലാത്തിനേയും എല്ലാ കാലത്തും എതിർക്കാൻ പറ്റുമോ എന്നാണ്.

ഉമ്മൻചാണ്ടി സർക്കാരിന്റെ സ്വപ്ന പദ്ധതിയായിരുന്നു സീ പ്ലെയിൻ, എന്നാൽ തുടക്കത്തിൽ തന്നെ ചിറകറ്റ പദ്ധതിയും. കേരളത്തിലെ ജലാശയങ്ങളെയും വിമാനത്താവളങ്ങളെയും കോർത്തിണക്കിയുള്ള വിനോദസഞ്ചാരമായിരുന്നു സീപ്ലെയിൻ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ, അന്ന് പരീക്ഷണപ്പറക്കലിന് മുമ്പേ തന്നെ ആരംഭിച്ച പ്രതിഷേധത്തിൽ പദ്ധതി ഉപേക്ഷിക്കേണ്ടതായി വന്നു.

മത്സ്യത്തൊഴിലാളികളുടെ തൊഴിലിടം നഷ്ടമാകും, മത്സ്യക്കുഞ്ഞുകൾ നശിക്കും, പാരിസ്ഥിതിക ഭീഷണി, പൊതു തണ്ണീർത്തടങ്ങളും, ഉൾനാടൻ ജലാശയങ്ങളും ഡാമുകളും സ്വകാര്യകമ്പനികൾക്ക് തീറെഴുതുന്നു, സാമൂഹ്യ ആഘാത പഠനം നടത്തിയിട്ടില്ല, മത്സ്യ ആവാസ വ്യവസ്ഥയ്ക്ക് ഹാനികരം തുടങ്ങിയ കാരണങ്ങൾ പറഞ്ഞായിരുന്നു അന്ന് സീ പ്ലെയിൻ പദ്ധതിയെ എതിർത്തത്.

ഒരു പതിറ്റാണ്ടിനു ശേഷം, 2024-ൽ സീപ്ലെയിൻ പദ്ധതി യാഥാർത്ഥ്യമാകുകയാണ്. പരീക്ഷണ പറക്കൽ വിജയകരം. കൊച്ചി ബോൾഗാട്ടി മറീനയിൽ നിന്ന് ടെയ്ക്ക് ഓഫ് ചെയ്ത വിമാനം ഇടുക്കി മാട്ടുപ്പെട്ടി ഡാമിൽ ലാൻഡ് ചെയ്തു. ഡിഹാവിലൻഡ് എന്ന കനേഡിയൻ കമ്പനിയുടെ കരയിലും വെള്ളത്തിലും ഇറക്കാവുന്ന (ആംഫീബിയൻ) വിമാനമാണ് കൊച്ചിയുടെ കായൽത്തിരകളിൽ കഴിഞ്ഞ ദിവസം വന്നിറങ്ങിയത്. കാഴ്ചകൾ ആസ്വദിക്കാൻ പറ്റുംവിധം വലിയ ജനാലകളോടുകൂടിയ വിമാനമാണിത്. പദ്ധതിയുടെ സാധ്യതകൾ ടൂർ ഓപ്പറേറ്റർമാർക്കും ജനങ്ങൾക്കും പരിചയപ്പെടുത്താൻ വേണ്ടിയായിരുന്നു പരീക്ഷണപ്പറക്കൽ.

സീപ്ലെയിൻ പദ്ധതിവഴി കേരളത്തിലെ ജലാശങ്ങളെയും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെയും ബന്ധിപ്പിക്കാനാകുമെന്നാണ് ടൂറിസം വകുപ്പിന്റെ പ്രതീക്ഷ. വിനോദസഞ്ചാരികൾക്ക് റോഡ് ഗതാഗതം മൂലമുള്ള സമയനഷ്ടം ഒഴിവാക്കാൻ കഴിയും. കേന്ദ്ര സർക്കാരിന്റെ റീജണൽ കണക്ടിവിറ്റി സ്കീം ഉഡാന്റെ (യു.ഡി.എ.എൻ.) കീഴിൽ നെടുമ്പാശ്ശേരി വിമാനത്താവളവും ബോൾഗാട്ടി പാലസും കേന്ദ്രമാക്കിയാകും ആദ്യഘട്ടം പദ്ധതി നടപ്പാക്കുക.

കോവളം, കുമരകം, ബാണാസുര സാഗർ, മാട്ടുപ്പെട്ടി ജലാശയങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെളയിൻ സർക്യൂട്ടും സർക്കാരിന്റെ പരിഗണനയിലുണ്ട്. പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന ജലാശയങ്ങളുടെ ലിസ്റ്റ് കേന്ദ്ര സർക്കാരിന് കൈമാറിയതായി സംസ്ഥാന ഗതാഗത, ഏവിയേഷൻ സെക്രട്ടറി ബിജു പ്രഭാകർ പറഞ്ഞു. ടൂർ ഓപ്പറേറ്റർമാരുമായി ലേലം വിളിച്ച് റൂട്ട് നിശ്ചയിക്കുകയാണ് അടുത്ത പടി. ആദ്യഘട്ടത്തിൽ സീറ്റിന് 12,000 രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഹോട്ടലുകളുമായി സഹകരിച്ച് സീപ്ലെയിൻ വിനോദയാത്രാ പാക്കേജിന്റെ ഭാഗമാക്കാനും ശ്രമിക്കുന്നുണ്ടെന്നാണ് വിവരം.

2013-ൽ ഉമ്മൻ ചാണ്ടി സർക്കാർ പ്രഖ്യാപിച്ച സീ പ്ലെയിൻ പദ്ധതി മുടങ്ങിയതോടെ കോടികളുടെ നഷ്ടമാണ് അന്ന് സർക്കാരിന് ഉണ്ടായത്. 23.29 കോടിയുടെ നഷ്ടമാണ് അന്നുണ്ടായതെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലി (സി എജി)ന്റെ റിപ്പോട്ടിൽ വ്യക്തമാക്കിയിരുന്നു. വിമാനമിറങ്ങാൻ പൊന്തിക്കിടക്കുന്ന പ്ലാറ്റ്ഫോമുകളക്കം സൗകര്യങ്ങളൊരുക്കാൻ 12 കോടി രൂപയാണ് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് അന്ന് ചെലവിട്ടത്. പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയായിരുന്നു തുക വിനിയോഗിച്ചത്. എന്നാൽ മത്സ്യത്തൊഴിലാളികളുടെ ആശങ്കയകറ്റാൻ സാധിക്കാത്തതോടെ അന്ന് സർക്കാരിന് മുമ്പോട്ട് പോകാൻ പറ്റാത്ത സാഹചര്യമായിരുന്നു.

എക്സാലോജിക്-സി.എം.ആർ.എൽ. ഇടപാട്: എസ് എഫ് ഐ ഒക്ക് സമയം അനുവദിച്ച് ഹൈക്കോടതി

ന്യൂഡൽഹി: എക്സാലോജിക് - സി.എം.ആർ.എൽ. ഇടപാട് സംബന്ധിച്ച അന്വേഷണം റദ്ദാക്കണമെന്ന ഹർജിയിൽ സത്യവാങ്മൂലം ഫയൽ ചെയ്യാൻ എസ്.എഫ്.ഐ.ഒ. (സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ്)ക്ക് 10 ദിവസത്തെ സമയം അനുവദിച്ച് ഡൽഹി ഹൈക്കോടതി.

അന്വേഷണം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് സി.എം. ആർ. എൽ.(കൊച്ചിൻ മിനറൽ ആന്റ് റൂടെയ്ൽ ലിമിറ്റഡ്) നൽകിയ ഹർജി പരിഗണിക്കുന്നത് ഡൽഹി ഹൈക്കോടതി ഡിസംബർ നാലിലേക്ക് മാറ്റി. അതേസമയം, ഹർജിയിൽ തീരുമാനം ഉടൻ ഉണ്ടാകണമെന്ന് സി.എം.ആർ.എൽ. ഡൽഹി ഹൈക്കോടതിയിൽ ആവശ്യപ്പെട്ടു. കേസിൽ തീർപ്പ് ഉണ്ടാകുന്നത് വരെ അന്തിമ റിപ്പോർട്ട് ഫയൽ ചെയ്യാൻ എസ്.എഫ്. ഐ.ഒയെ അനുവദിക്കരുതെന്ന് സി.എം.ആർ. എൽ. ഹൈക്കോടതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

അന്വേഷണവുമായി മുന്നോട്ട് പോകാൻ എസ്.എഫ്. ഐ.ഒക്ക് ഡൽഹി ഹൈക്കോടതി നേരത്തെ അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സി. എം. ആർ. എൽ. ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും വീണ വിജയൻ ഉൾപ്പടെ ഇടപാടുമായി ബന്ധപ്പെട്ട പലരുടെയും മൊഴി എസ്.എഫ്.ഐ.ഒ. ഉദ്യോഗസ്ഥർ രേഖപ്പെടുത്തിയിരുന്നു. ഹർജി ഇന്ന് പരിഗണനയ്ക്ക് എടുത്തപ്പോഴാണ് ഇക്കാര്യത്തിൽ തീരുമാനം വൈകരുതെന്ന് സി.എം.ആർ.എൽ. കോടതിയിൽ ആവശ്യപ്പെട്ടത്.

എന്നാൽ, മറുപടി സത്യവാങ്മൂലം ഫയൽ ചെയ്യാൻ 10 ദിവസത്തെ സമയം കൂടി വേണമെന്ന് എസ്.എഫ്.ഐ.ഒക്ക് വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ ചേതൻ ശർമ്മ കോടതിയിൽ ആവശ്യപ്പെട്ടു. മറുപടി സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനെ എതിർക്കുന്നില്ലെങ്കിലും, കേസിൽ അന്തിമ റിപ്പോർട്ട് ഫയൽ ചെയ്യുന്നതിൽ നിന്ന് എസ്. എഫ്.ഐ.ഒയെ വിലക്കിയിട്ടുണ്ടെന്ന് സി.എം.ആർ. എൽ. ഹൈക്കോടതിയെ അറിയിച്ചു. തുടർന്നാണ് മറുപടി സത്യവാങ്മൂലം ഫയൽ ചെയ്യാൻ 10ദിവസത്തെ സമയം കോടതി എസ്.എഫ്.ഐ.ഒക്ക് അനുവദിച്ചത്. ഇരുഭാഗത്തോടും വാദം എഴുതി നൽകാനും ഹൈക്കോടതി നിർദേശിച്ചു.

ഡൽഹി ഹൈക്കോടതിയിൽ ജസ്റ്റിസ് സുബ്രമണ്യം പ്രസാദ് ആണ് സി.എം.ആർ. എൽന്റെ ഹർജി നേരത്തെ പരിഗണിച്ചിരുന്നത്. ഇന്ന് ഹർജി ലിസ്റ്റ് ചെയ്തിരുന്നത് ജസ്റ്റിസ് ചന്ദ്ര ധാരി സിംഗിന്റെ ബെഞ്ചിന് മുമ്പാകെയാണ്. കേസിലെ പരാതിക്കാരനായ അഭിഭാഷകൻ ഷോൺ ജോർജും ഇന്ന് ഡൽഹി ഹൈക്കോടതിയിൽ ഹാജരായി. കേരള ഹൈക്കോടതിയിൽ ഉൾപ്പടെ ഈ ഇടപാടുമായി ബന്ധപ്പെട്ട് 4ഹർജികൾ ഉണ്ടായിരുന്നുവെന്നും അതിൽ മൂന്നെണ്ണത്തിൽ തീർപ്പായെന്നും ഷോൺ ജോർജിന്റെ അഭിഭാഷകൻ ഷിനു ജെ. പിള്ള കോടതിയിൽ ചൂണ്ടിക്കാട്ടി.

അൻവറിന്റെ വാർത്താസമ്മേളനത്തിനിടെ നാടകീയ രംഗങ്ങൾ; നോട്ടീസ് നൽകി തിര.കമ്മിഷൻ

ചേലക്കര: പി.വി അൻവറിന്റെ വാർത്താസമ്മേളനത്തിനിടെ നാടകീയ രംഗങ്ങൾ. തിരഞ്ഞെടുപ്പ് ചട്ടം ലംഘിച്ച് വാർത്താസമ്മേളനം നടത്തിയെന്ന് ആരോപിച്ച് തിരഞ്ഞെടുപ്പ് കമ്മിഷൻ അൻവറിന് നോട്ടീസ് നൽകി. വിഷയത്തിൽ, അൻവറിനെതിരേ നടപടിയുണ്ടാകുമെന്ന് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, ചട്ടം ലംഘിച്ചിട്ടില്ലെന്നാണ് അൻവറിന്റെ വാദം. പറയാനുള്ളത് പറയുമെന്നും അദ്ദേഹം വ്യക്തമാക്കി.

'തിരഞ്ഞെടുപ്പ് സമയത്ത് ജനങ്ങളോട് പറയാനുള്ള കാര്യങ്ങളുണ്ട്. എന്തിനാണ് പിണറായി ഭയപ്പെടുത്തുന്നത് എന്ന് അറിയില്ല. രാവിലെ തന്നെ പോലീസ് വന്ന് സ്റ്റാഫിനേയും ഹോട്ടലുകാരേയും ഭീഷണിപ്പെടുത്തുന്നു. ഒരു തിരഞ്ഞെടുപ്പ് ചട്ടലംഘനവും ഇവിടെ നടത്തുന്നില്ല. ഞങ്ങളെ സംബന്ധിച്ച് ഇവിടെ പ്രവർത്തിക്കാൻ ആളുകൾ കുറവാണ് എന്നത് വസ്തുതയാണ്. 98

എം.എൽ.എ. മാരും മുഖ്യമന്ത്രിയും ഒരുഭാഗത്ത്. പ്രതിപക്ഷനേതാവും 40 എം.എൽ.എ. യും മറുഭാഗത്ത്. സുരേഷ് ഗോപിയും കേന്ദ്രമന്ത്രിമാരും വേറൊരു ഭാഗത്ത്.

ഇവരെല്ലാരുംകൂടെ വായ് പോയ കോടാലിക്ക് വേണ്ടി ഏറ്റുമുട്ടുകയാണ്. ഞങ്ങൾ ഈ ദിവസവും ഉപയോഗപ്പെടുത്തും. ഞങ്ങൾക്ക് പരിമിതികളുണ്ട്. ഭയപ്പെടുത്തിയിട്ടൊന്നും കാര്യമില്ല. 20-ലധികം എഫ്. ഐ.ആറുകൾ ഇതിനോടകം ഇട്ടുകഴിഞ്ഞു. രണ്ട് കാര്യങ്ങൾ പറയാൻ വേണ്ടിയാണ് ഇന്നുവന്നത്. ഇപ്പോഴിതാ 25 ലക്ഷം ചെറുതുരുത്തിയിൽ നിന്ന് പിടിച്ചിട്ടുണ്ട്. ആരാണ് അവിടെ ക്യാമ്പ് ചെയ്യുന്നത്. മരുമകനല്ലേ. അവിടെ നിന്നല്ലേ ഈ പണം മുഴുൻ ഒഴുകുന്നത്. ആർക്കുവേണ്ടി കൊണ്ടുവന്ന പണമാണിത്. കോളനികളിൽ അവർ സ്ലിപ്പ് കൊടുക്കുന്നത് കവറിലാണ്. ആ കവറിനുള്ളിൽ പണമാണ്. ഇത്രയും മോശമായ കോളനി വേറെ എവിടെയാണുള്ളത്. ഇടതുമുന്നണി തന്നെയാണ് പണം കൊടുക്കുന്നത്. ആ നിലയിലേക്ക് അവരെത്തി', അൻവർ പറഞ്ഞു.

കുന്നംകുളം കൗൺസിൽ യോഗം പ്രതിപക്ഷ ബഹളത്തിൽ കലാശിച്ചു

കുന്നംകുളം : നഗരസഭ കൗൺസിൽ യോഗം പ്രതിപക്ഷ ബഹളത്തിൽ കലാശിച്ചു. നഗരസഭയിലെ അടുപ്പുട്ടിയിൽ പ്രവർത്തിച്ചിരുന്ന ക്രിമിറ്റോറിയം മാസങ്ങളായി അടഞ്ഞുകിടക്കുന്ന നടപടിയിൽ പ്രതിഷേധിച്ച് നടന്ന നഗരസഭ കൗൺസിൽ യോഗമായിരുന്നു പ്രതിപക്ഷ ബഹളത്തിൽ കലാശിച്ചത്.

ഓം പ്രകാശിന്റെ മുറിയിൽ നിന്ന് കണ്ടെടുത്തത് കൊക്കെയ്ൻ

കൊച്ചി: മരട് ലഹരിക്കേസിൽ ഓംപ്രകാശിന്റെ മുറിയിൽ കൊക്കെയ്ൻ സാന്നിധ്യം സ്ഥിരീകരിച്ച് ഫോറൻസിക് പരിശോധന റിപ്പോർട്ട്. ലഹരിവിരുദ്ധ നിയമപ്രകാരം കൊച്ചി സിറ്റി പോലീസ് നടപടികൾ തുടരും. കേസുമായി ബന്ധപ്പെട്ട് സിനിമ മേഖലയിലടക്കമുള്ളവരെ പോലീസ് ചോദ്യം ചെയ്തിരുന്നു.

കൊച്ചി മരടിലെ പഞ്ചനക്ഷത്ര ഹോട്ടലിലാണ് ലഹരി പാർട്ടി നടന്നത്. ഗുണ്ടാനേതാവായ ഓംപ്രകാശും ഇയാളുടെ സുഹൃത്തായ ഷിഹാസും പിടിയിലായിരുന്നു. പിന്നീട് കോടതി ഇവർക്ക് ജാമ്യം അനുവദിച്ചിരുന്നു. സിനിമാ താരങ്ങളായ പ്രയാഗ മാർട്ടിന്റെയും ശ്രീനാഥ് ഭാസിയുടെയും പേരും ഉയർന്നു വന്നതോടെയാണ് കേസ് വിവാദമാകുന്നത്. സംഭവദിവസം തന്നെ അന്വേഷണ സംഘം ഓംപ്രകാശ് താമസിച്ചിരുന്ന മുറിയിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ചിരുന്നു. ഈ സാമ്പിളുകളുടെ ഫോറൻസിക് ഫലമാണ് ഇപ്പോൾ പുറത്തുവന്നത്.കൊക്കെയ്ൻ സാന്നിധ്യം സ്ഥിരീകരിച്ചതോടെ ഓംപ്രകാശിന്റെ ജാമ്യം റദ്ദാക്കുന്നതിലേക്ക് കടക്കുന്നതടക്കം പോലീസ് ആലോചിക്കുന്നുണ്ട്.

രമേശ് ചെന്നിത്തല പിടിച്ചുകെട്ടിയ സ്പ്രിങ്ളർ, ബ്രൂവറി, മസാല ബോണ്ട്....; അഴിമതിക്കഥകൾ പുസ്തകമാകുന്നു

തിരു : ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പ്രതിപക്ഷ നേതാവായിരുന്ന രമേശ് ചെന്നിത്തല പുറത്തു കൊണ്ടുവന്ന വൻ അഴിമതികളും അവയുടെ പിന്നാമ്പുറ കഥകളും പുസ്തകമാകുന്നു. വലിയ കോളിളക്കമുണ്ടാക്കിയ സ്പ്രിങ്ളർ ഇടപാട്, ബ്രൂവറി ഡിസ്റ്റിലറി അനുമതി, ആഴക്കടൽ മത്സ്യബന്ധന തട്ടിപ്പ്, പമ്പാമണൽ കടത്ത്, മസാല ബോണ്ട്, ഇ - മൊബിലിറ്റി തുടങ്ങി ഇ.പി.ജയരാജന്റെ മന്ത്രിസ്ഥാനം തെറിച്ച ബന്ധു നിയമനം വരെയുള്ള അഴിമതികൾ ചികഞ്ഞ് കണ്ടു പിടിച്ചതെങ്ങനെയെന്നും അവ ഓരോന്നും പുറത്തു കൊണ്ടു വന്നപ്പോഴുണ്ടായ കോലാഹലങ്ങളും വിവരിക്കുന്ന പുസ്തകം തയ്യാറാക്കിയത് രമേശ് ചെന്നിത്തലയുടെ പ്രസ് സെക്രട്ടറിയായിരുന്ന മുതിർന്ന മാധ്യമ പ്രവർത്തകൻ ബി.വി.പവനനാണ്.

പ്രതിപക്ഷ നേതാവായിരിക്കെ രമേശ് ചെന്നിത്തല ഉന്നയിച്ച അഴിമതി ആരോപണങ്ങൾ വൻ ചർച്ചയായിരുന്നു. പല ആരോപണങ്ങളിലും പിന്നീട് നടപടികളുണ്ടാവുകയും ചെയ്തു. പല പദ്ധതികളും സർക്കാരിന് ഉപേക്ഷിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്.

ഓരോ ആരോപണവും പുറത്തു കൊണ്ടു വരുന്നതിന്റെ പിന്നിൽ രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റ ടീമും നടത്തിയ സൂക്ഷ്മമായ പഠനത്തിന്റെയും വിശകലനത്തിന്റെയും വിവര ശേഖരണത്തിന്റെയും കഥ കൂടിയാണ് ഈ പുസ്തകത്തിൽ വിവരിക്കുന്നത്. അതോടൊപ്പം സർക്കാരിന്റെ പ്രത്യാക്രമണത്തെ നേരിട്ടതെങ്ങനെയെന്നും പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

സുഖിപ്പിച്ച് സംസാരിക്കണമെന്ന് ഭരണഘടനയിൽ പറയുന്നില്ല: പ്രശാന്ത്

തിരു : ഭരണഘടനയുടെ പരമാധികാരത്തിലാണ് താൻ വിശ്വസിക്കുന്നതെന്ന് സസ്പെൻഷനിലായ കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ. പ്രശാന്ത്. ബോധപൂർവം ഒരു ചട്ടവും ലംഘിച്ചിട്ടില്ല. എല്ലാവരേയും സുഖിപ്പിച്ച് സംസാരിക്കണമെന്ന് ഭരണഘടനയിൽ പറയുന്നില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സസ്പെൻഷൻ ഓർഡർ കൈപ്പറ്റാനെത്തിയതായിരുന്നു പ്രശാന്ത്.

'ജീവിതത്തിൽ ആദ്യമായി കിട്ടിയ സസ്പെൻഷനാണ്. കുറേകാലം സ്കൂളിലും ലോകോളേജിലുമൊക്കെ പഠിച്ചിട്ടുണ്ടെങ്കിലും ഇതുവരെ സസ്പെൻഷനിലായിട്ടില്ല. അടുത്ത നടപടിയെക്കുറിച്ച് തീരുമാനിച്ചിട്ടില്ല. വിശദീകരണം ചോദിച്ചില്ലെന്ന പരാതിയൊന്നും തനിക്കില്ല. ഭരണഘടനയുടെ പരമാധികാരത്തിലാണ് വിശ്വസിക്കുന്നത്. ശരി എന്ന് തോന്നുന്ന കാര്യങ്ങൾ പറയുന്നതിൽ തെറ്റില്ലെന്നാണ് അഭിപ്രായം. ബോധപൂർവം ഒരു ചട്ടവും ലംഘിച്ചിട്ടില്ല. സസ്പെൻഷൻ ഡോക്യുമെന്റ് കണ്ടാലേ കാര്യം വ്യക്തമാകുകയുള്ളൂ', പ്രശാന്ത് പറഞ്ഞു

പ്രശാന്ത് ഭരണസംവിധാനത്തിന്റെ പ്രതിച്ഛായ തകർത്തു; ഗോപാലകൃഷ്ണൻ വർഗീയ ധ്രുവീകരണത്തിന് ശ്രമിച്ചു

തിരു : ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞദിവസമാണ് കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ. പ്രശാന്തിനെയും വ്യവസായ വകുപ്പ് ഡയറക്ടർ കെ. ഗോപാലകൃഷ്ണനെയും മുഖ്യമന്ത്രി സസ്പെൻഡ് ചെയ്തത്. ഭരണസംവിധാനത്തിന്റെ പ്രതിഛായ തകർക്കുന്ന പരാമർശങ്ങൾ നടത്തിയെന്നതാണ് എൻ. പ്രശാന്തിനെതിരായ കണ്ടെത്തൽ. ഐ.എ.എസ് ഉദ്യോഗസ്ഥർക്കിടയിൽ വർഗീയ ധ്രുവീകരണമുണ്ടാക്കാൻ കെ. ഗോപാലകൃഷ്ണൻ ശ്രമിച്ചുവെന്നും ഇരുവരുടെയും സസ്പെൻഷൻ റിപ്പോർട്ടിൽ പരാമർശമുണ്ട്.

പ്രശാന്ത് നടത്തിയ ചട്ടലംഘനങ്ങൾ അക്കമിട്ട് നിരത്തിയാണ് സസ്പെൻഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നത്. മുതിർന്ന സിവിൽ സർവീസ് ഉദ്യോഗസ്ഥനായ ജയതിലകിനെതിരേ പ്രശാന്ത് നടത്തിയ ആരോപണങ്ങൾ സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇത് ദിവസങ്ങളോളം മാധ്യമങ്ങളിലും സാമൂഹിക മാധ്യമങ്ങളിലും വലിയ ചർച്ചകൾക്ക് കാരണമാവുകയും വിവാദങ്ങൾക്ക് കാരണമാവുകയും ചെയ്തു. ഇതിലൂടെ സംസ്ഥാനത്തിന്റെ ഭരണ സംവിധാനത്തിനും ചീത്തപ്പേരിന് കാരണമായി. പരാമർശങ്ങൾ സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കിടയിലെ ഐക്യത്തെ ഇല്ലാതാക്കുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ ഭരണ സംവിധാനത്തിന് അവമതിപ്പുണ്ടാക്കിയെന്നും റിപ്പോർട്ടിൽ പറയുന്നു.

'ഒരു ഐ.എ.എസ് ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ട പരാമർശമല്ല പ്രശാന്ത് നടത്തിയത്. ഇതിലൂടെ ഓൾ ഇന്ത്യ സർവീസ് കണ്ടക്ട് റൂളിലെ നിരവധി ചട്ടങ്ങളാണ് പ്രശാന്ത് ലംഘിച്ചതെന്നും അതിനാൽ പ്രശാന്തിനെ സസ്പെൻഡ് ചെയ്യുന്നതായും' റിപ്പോർട്ടിൽ പറയുന്നു. സസ്പെൻഷൻ റിപ്പോർട്ടിൽ ഇതൊക്കെയാണ് പറയുന്നതെങ്കിലും തനിക്കെതിരെ ഗൂഢാലോചന നടന്നുവെന്നാണ് ഇപ്പോഴും പ്രശാന്തിന്റെ വാദം. സസ്പെൻഷനെതിരേ നിയമ പോരാട്ടം നടത്താനാണ് പ്രശാന്തിന്റെ നീക്കമെന്നും സൂചനകളുണ്ട്.

കെ ഗോപാല കൃഷ്ണന്റെ സസ്പെൻഷൻ റിപ്പോർട്ടിലും ഗുരുതരമായ കണ്ടെത്തലുകളാണ് ഉള്ളത്. ഐ.എ.എസ് ഉദ്യാഗസ്ഥർക്കിടയിൽ വർഗീയ ദ്രുവീകരണം നടത്താൻ ശ്രമിച്ചുവെന്ന് റിപ്പോർട്ടിൽ പറയുന്നു. ഫോൺ ഹാക്ക് ചെയ്യപ്പെട്ടു എന്ന രീതിയിൽ ഗോപാലകൃഷ്ണൻ പറഞ്ഞ വിശദീകരണങ്ങളെല്ലാം കളവാണെന്ന് കണ്ടെത്തിയതായും സിവിൽ സർവീസ് ചട്ടങ്ങൾ ലംഘിക്കുന്നതാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെന്നും അതിനാൽ സസ്പെൻഡ് ചെയ്യുകയാണെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

തൊണ്ടയ്ക്ക് അസ്വസ്ഥതയെന്ന് റോത്തഗി; സിദ്ദിഖിന്റെ മുൻകൂർ ജാമ്യം പരിഗണിക്കുന്നത് മാറ്റി

ന്യൂഡൽഹി: ബലാത്സംഗ കേസിൽ ചലച്ചിത്ര താരം സിദ്ദിഖ് ഫയൽ ചെയ്ത മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് സുപ്രീം കോടതി അടുത്ത ആഴ്ചത്തേക്ക് മാറ്റി. തന്റെ തൊണ്ട അസ്വസ്ഥമാണെന്ന് സിദ്ദിഖിന് വേണ്ടി സുപ്രീം കോടതിയിൽ ഹാജരാകുന്ന സീനിയർ അഭിഭാഷകൻ മുകുൾ റോത്തഗി അറിയിച്ചതിനെ തുടർന്നാണ് മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് സുപ്രീം കോടതി അടുത്ത ആഴ്ചത്തേക്ക് മാറ്റിയത്. അതെ സമയം കേസിന്റെ അന്വേഷണവുമായി സിദ്ദിഖ് സഹകരിക്കുന്നില്ലെന്ന് സംസ്ഥാന സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു.



ജസ്റ്റിസ്മാരായ ബേല എം. ത്രിവേദി, സതീഷ് ചന്ദ്ര ശർമ്മ എന്നിവരാണ് സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ ഇന്ന് പരിഗണിച്ചത്. മുൻകൂർ ജാമ്യാപേക്ഷയിൽ വാദം കേൾക്കൽ ആരംഭിച്ചുവെങ്കിലും അൽപ സമയം കഴിഞ്ഞപ്പോൾ തന്റെ തൊണ്ട അസ്വസ്ഥം ആണെന്ന് മുകുൾ റോത്തഗി കോടതിയെ അറിയിച്ചു. തുടർന്ന് മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുന്നത് ഒരാഴ്ചത്തേക്ക് മാറ്റി വയ്ക്കണം എന്ന് അദ്ദേഹം ആവശ്യപെട്ടു. ഈ ആവശ്യം സുപ്രീം കോടതി അംഗീകരിച്ചു.

2016 ൽ ഉപയോഗിച്ചിരുന്ന ഫോൺ കൈമാറിയില്ല എന്നതാണ് അന്വേഷണ ഉദ്യോഗസ്ഥർ സിദ്ദിഖിന് എതിരേ പറയുന്ന പ്രധാന ആരോപണം എന്ന് മുകുൾ റോത്തഗി സുപ്രീം കോടതിയിൽ ചൂണ്

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

'മന്ത്രിമാർ ഒരു നാണവുമില്ലാതെ പ്ലെയിനിൽ കയറി കൈവീശിക്കാണിക്കുകയാണ്'; പരിഹസിച്ച് വി.ഡി സതീശൻ

തിരു: സീ പ്ലെയിൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഇടതുപക്ഷത്തിനെതിരേ വിമർശനവുമായി പ്രതിപക്ഷനേതാവ് വി.ഡി സതീശൻ. ആദ്യമായി സീ പ്ലെയിൻ കൊണ്ടുവരുന്നു എന്നവകാശപ്പെടുകയാണെന്നും 2013 ൽ ഉമ്മൻ ചാണ്ടി സർക്കാർ സീ പ്ലെയിൻ കൊണ്ടുവരാൻ പോയപ്പോൾ കടലിൽ ചുവന്ന കൊടികുത്തി ഉപരോധം സൃഷ്ടിക്കാൻ നേതൃത്വം കൊടുത്ത ആളുകളാണ് ഇന്ന് സീ പ്ലെയിനിന്റെ പിതാക്കൻമാരായി വരുന്നതെന്നും സതീശൻ പറഞ്ഞു. സീ പ്ലെയിൻ ഇറങ്ങിയാൽ കേരളത്തിൽ 25 ലക്ഷം മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുമെന്നാണ് പറഞ്ഞത്. അത് പറഞ്ഞ ആളുകളാണ് ഇപ്പോൾ അതേ കായലിൽ സീ പ്ലെയിൻ ഇറക്കാൻ പോകുന്നത്. എന്തൊരു വിരോധാഭാസമാണിതെന്ന് സതീശൻ ചോദിച്ചു.

വിഴിഞ്ഞം തുറമുഖം ഉമ്മൻ ചാണ്ടി കൊണ്ടുവന്ന കാലത്ത് 6000 കോടി രൂപയുടെ റിയൽ എസ്റ്റേറ്റാണെന്ന് പറഞ്ഞ പാർട്ടി സെക്രട്ടറിയാണ് ഇപ്പോഴത്തെ മുഖ്യമന്ത്രി. എന്നിട്ട് വിഴിഞ്ഞത്ത് പോയി കപ്പൽ നോക്കി ആശ്വാസം കൊള്ളുകയും നെടുവീർപ്പിടുകയും ചെയ്യുന്ന മുഖ്യമന്ത്രിയാണദ്ദേഹം. അന്ന് അത് നടപ്പാക്കാൻ സമ്മതിച്ചില്ല. ഇന്നിപ്പോൾ ഒരു നാണവുമില്ലാതെ പ്ലെയിനിൽ കയറി കൈവീശിക്കാണിക്കുകയാണ്. മന്ത്രിമാർ. കടലിൽ ഉപരോധമുണ്ടാക്കിയ ആളുകളാണ്. ആയിക്കോട്ടെ. ഓരോരുത്തരുടെ തൊലിക്കട്ടിയെന്നും സതീശൻ പരിഹസിച്ചു.

ഏകാദശി വിളക്ക്, വിളംബര ഘോഷയാത്ര നടത്തി

ഗുരുവായൂർ: ഗുരുവായൂർ ദേവസ്വം പെൻഷനേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ വിളംബര നാമജപ ഘോഷയാത്ര നടന്നു. ഞായറാഴ്ച വൈകീട്ട് 4 മണിക്ക് സത്രം ഗേറ്റിൽ നിന്ന് ആരംഭിച്ച് കിഴക്കേ നടയിലൂടെ ദീപസ്തംഭം വഴി ക്ഷേത്ര തീർത്ഥക്കുളം വലം വെച്ച് ദീപസ്തംഭത്തിന് സമീപമെത്തി.

പെൻഷനേഴ്സ അസോസിയേഷൻ സെക്രട്ടറി സി.വി. വിജയൻ, ഓഡിറ്റർ കെ.പി. കരുണാകരൻ, വി.കെ. കുഞ്ചു, ട്രഷറർ മാധവൻ പൈക്കാട്, കെ. ശ്രീലത തുടങ്ങിയവർ ദീപോജ്ജ്വലനം നടത്തി. തുടർന്ന് കാര്യാലയ ഗണപതിക്ക് വിശേഷാൽ പൂജ, കേളി, പുഷ്പാലങ്കാരം, ദീപാലങ്കാരം, പ്രസാദ വിതരണം എന്നിവ നടത്തി.

പെൻഷനേഴ്സ് അസോസിയേഷൻ സെക്രട്ടറി സി.വി. വിജയൻ, ജോ.: സെക്രട്ടറിമാരായ എം. മോഹൻദാസ്, സി.പി. ശ്രീധരൻ, ട്രഷറർ മാധവൻപൈക്കാട്ട്, ഓഡിറ്റർ കെ.പി. കരുണാകരൻ, വി. കെ. കുഞ്ചു, എം.പി. ശങ്കരനാരായണൻ, പ്രവർത്തക സമതി അംഗങ്ങൾ തുടങ്ങിയവർ നാമജപ ഘോഷയാത്രയ്ക്ക് നേതൃത്വം നൽകി.

അമലയ്ക്ക് ഓവറോൾ ചാമ്പ്യൻഷിപ്പ്

അമലനഗർ: ഇന്ത്യയിലെ വിവിധ മെഡിക്കൽ കോളേജുകൾ പങ്കെടുത്ത കോൺകോർഡിയം ദ റിബൂട്ട് നാഷണൽ യു.ജി.കോൺഫറൻസിന്റെ ഭാഗമായി നടത്തിയ മത്സരങ്ങളിൽ 38 പോയിന്റോടെ അമല മെഡിക്കൽ കോളേജ് ചാമ്പ്യൻമാരായി. 14 പോയിൻറ് നേടിയ പി.കെ.ദാസ് രണ്ടാം സ്ഥാനത്തും 10 പോയിൻറ് വീതം നേടിയ ഗവ. മെഡിക്കൽ കോളേജ് കോഴിക്കോട്, കെ.എം.സി.ടി. കോഴിക്കോട് എന്നിവർ മൂന്നാം സ്ഥാനവും നേടി. അമല ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

ശാന്തിനികേതനിൽ സ്പെയ്സ് ഓൺ വീൽസ് എക്സ് ബിഷൻ നടന്നു

ഇരിങ്ങാലക്കുട: വിജ്ഞാന ഭാരതിയുടെയും ഐ എസ് ആർ ഒ യുടെയും സംയുക്താഭിമുഖ്യത്തിൽ വിജ്ഞാനപ്രദവും കൗതുകരവുമായ *സ്പെയ്സ് ഓൺ വീൽസ് എക്സിബിഷൻ* ഇരിങ്ങാലക്കുട ശാന്തിനികേതനിൽ പബ്ലിക് സ്കൂളിൽ സംഘടിപ്പിച്ചു. ഐ സ് ആർ ഒ യുടെ ചരിത്ര നാൾവഴികളിലെ സാറ്റലൈറ്റ് പ്രക്ഷേപണ മോഡലുകൾ എക്സ് ബിഷനിൽ പ്രദർശിപ്പിച്ചിരുന്നു. അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദീകരണവും വിദ്യാർത്ഥികൾക്ക് നൽകി.

ബഹിരാകാശ ശാസ്ത്ര രംഗത്ത് ഇന്ത്യയുടെ സംഭാവനകളെക്കുറിച്ചും, സമൂഹനന്മയ്ക്കുവേണ്ടി ബഹിരാകാശ ഗവേഷണം എങ്ങനെ പ്രയോജനപ്പെടുത്താമെന്നും ഈ എക്സ് ബിഷൻ കുട്ടികളെ ബോധവാന്മാരാക്കി. പ്രിൻസിപ്പാൾ പി എൻ ഗോപകുമാർ സ്വാഗതം പറഞ്ഞു.നാഷനൽ ഇന്നവേഷൻ ഫൗണ്ടേഷൻ മുൻ വൈസ് ചെയർപേഴ്സൺ എൻ. പി. രാജീവ് ഉദ്ഘാടനം നിർവ്വഹിച്ചു. പ്രോഗ്രാം കോർഡിനേറ്റർ : പി. ജി. ഗോവിന്ദ്, SNES സെക്രട്ടറി ടി.വി. പ്രദീപ്, ഹെഡ് മിസ്ട്രസ് സജിത അനിൽകുമാർ എന്നിവർ സന്നിഹിതരായിരുന്നു

ചേലക്കരയിൽ 864 പോളിങ് ഉദ്യോഗസ്ഥർ

ചേലക്കര നിയോജക മണ്ഡലത്തിൽ റിസർവ് ഉൾപ്പെടെ 864 പോളിങ് ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്. ഇതിൽ 216 പ്രിസൈഡിങ് ഓഫീസർമാരും, 216 ഒന്നാം പോളിങ് ഓഫീസർമാരും, 216 രണ്ടും, മൂന്നും വിഭാഗ പോളിങ് ഓഫീസർമാരും ഉൾപ്പെടുന്നു.

പോക്സോ കേസ്സിൽ അയോധന കലാ പരിശീലകൻ അറസ്റ്റിൽ

ആളൂർ :പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ഉപദ്രവിച്ചെന്ന പരാതിയിലാണ് പോട്ട സ്വദേശിയും ആയോധനകലാ പരിശീലകനുമായ പോട്ട പാലേക്കുടി വീട്ടിൽ ജേക്കബിനെ (ബെന്നി 63) റൂറൽ എസ്.പി. നവനീത് ശർമ്മയുടെ നിർദ്ദേശപ്രകാരം ഡി.വൈ.എസ്.പി. കെ.സുമേഷിന്റെ നേതൃത്വത്തിൽ ആളൂർ ഇൻസ്പെക്ടർ കെ.എം ബിനീഷും ക്രൈം സ്ക്വാഡ് അംഗങ്ങളും ചേർന്ന് പിടികൂടിയത്. വർഷങ്ങളായി കരാട്ടെ പരിശീലിപ്പിക്കുന്നയാളാണ് ജേക്കബ്. പല സ്ഥാപനങ്ങളിലും ഇയാൾ ആയോധനകലാ പരിശീലനം നൽകുന്നുണ്ട്. പരിശീലനത്തിനിടെ ഇയാൾ പെൺകുട്ടിയെ ഉപദ്രവിച്ചതായാണ് പരാതി. മറ്റൊരു പെൺകുട്ടിയുടെ പരാതിയിൽ ഇയാൾക്കെതിരെ ചാലക്കുടി സ്റ്റേഷനിലും കേസ്സെടുത്തിട്ടുണ്ട്. പരാതിയെത്തുടർന്ന് കേസ്സെടുത്ത പോലീസ് കഴിഞ്ഞ ദിവസം വേഷം മാറി ഇയാളുടെ പരിശീലനസ്ഥലത്തെത്തിയാണ് കസ്റ്റഡിയിലെടുത്തത്.

ആളൂർ എസ്.ഐ. കെ.എസ്.സുബിദ്, എ.എസ്.ഐ.മിനിമോൾ, സീനിയർ സി.പി.ഒ ഇ.എസ്.ജീവൻ, അനിൽകുമാർ, സി.പി.ഒ കെ.എസ്.ഉമേഷ്, ഹരികൃഷ്ണൻ എന്നിവരാണ് പ്രതിയെ പിടികൂടിയത്. നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

വിവാഹം

നടത്തറ: കൃഷ്ണാപുരം അറക്കൽ ഡെയ്സിയുടെയും ചുമ്മാരുവിന്റെയും മകൻ സിജോയിയും (Cijoy) പട്ടിക്കാട് അറങ്ങാശ്ശേരി മോളിയുടെയും യോഹന്നാന്റെയും മകൾ ഗ്ലാസിക്നയും (Glasccna) വിവാഹിതരായി.

നെല്ലിക്കുന്ന്: വിൻപി നഗറിൽ പൂലോൻ റോയിയുടെയും ജൂലിയുടെയും മകൾ **മരിയ ശലോമിയും** പെരുമ്പാവൂർ വലയൻചിറങ്ങര കുരുങ്ങാട്ടിൽ വീട്ടിൽ ബ്ലൂബെറി വിലാസ് ജോർജിന്റെയും ജെസിയുടെയും മകൻ **ജിസ്വിനും** (Jisvin) വിവാഹിതരായി

പ്രശസ്ത നോവലിസ്റ്റ് പാറപ്പുറത്തിന്റെ ജന്മശതാബ്ദി യോഗം വ്യാഴാഴ്ച

തൃശൂർ: പ്രശസ്ത നോവലിസ്റ്റും തിരക്കഥാകൃത്തും പബ്ലിഷറുമായിരുന്ന പാറപ്പുറത്തിൻറെ ജന്മശതാബ്ദിദിനമായ നവംബർ 14 വ്യാഴ്ഴ്ച രാവിലെ 9.30ന് തൃശൂർ ക്ലാസ്സദൻ സാഹിത്യവിഭാഗം സാഹിത്യ അക്കാദമി സ്മൃതിമണ്ഡപത്തിൽ ഓർമ്മദിനം ആചരിക്കുന്നതാണ്.

സാഹിത്യ അക്കാദമി വൈസ് പ്രസിഡൻറ് അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ പ്രൊഫ. വി.ജി. തമ്പി അദ്ധ്യക്ഷത വഹിക്കുന്നതും ഐ. ഷൺമുഖദാസ്, കെ. രഘുനാഥ് എന്നിവർ അനുസ്മരണപ്രഭാഷണം നടത്തുന്നതുമാണ്. ഡോ. ജോർജ്ജ് മേനാച്ചേരി, ഡോ. ദേവസി പന്തല്ലൂക്കാരൻ, അലക്സണ്ടർ സാം, ഡോ. മേരികുഞ്ഞ് തോമസ്, എൻ. ശ്രീകുമാർ, നിഖിൽ ഡേവീസ്, സി.ആർ. രാജൻ, ഫാ. ജിയോ തെക്കിനിയത്ത്, ബേബി മൂക്കൻ എന്നിവർ സംസാരിക്കുന്നതാണ്.

ടേബിൾ ടെന്നീസിൽ സ്വർണ്ണവുമായി ജൊവന്ന ജെനിൽ

ഇരിങ്ങാലക്കുട : കൊച്ചിയിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയിൽ സബ് ജൂനിയർ പെൺകുട്ടികളുടെ ടേബിൾ ടെന്നീസിൽ തൃശൂർ ടീമിലെ അംഗമായ ഇരിങ്ങാലക്കുട സ്വദേശിനി ജൊവന്ന ജെനിൽ സ്വർണ്ണം നേടി.

ഇരിങ്ങാലക്കുട ഡോൺ ബോസ്കോ ഹയർ സെക്കന്ററി സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിനിയായ ജൊവന്ന തലോർ സെന്റ് തെരേസാസ് സ്കൂൾ അധ്യാപകനായ ജെനിൽ ജോണിന്റെയും, മാപ്രാണം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥ സോണിയയുടേയും മകളാണ്.ഇരിങ്ങാലക്കുട സി ജി ആർ ടി ടി അക്കാദമിയിലെ മിഥുൻ ജോണിയാണ് ജൊവന്നയുടെ പരിശീലകൻ.

ശാന്തിമഠം വില്ല തട്ടിപ്പ്: ഒളിവിലായിരുന്ന ഒരു പ്രതി കൂടി അറസ്റ്റിൽ

ഗുരുവായൂർ: ശാന്തിമഠം വില്ല തട്ടിപ്പുമായി ബന്ധപ്പെട്ട് ഒളിവിൽ കഴിഞ്ഞിരുന്ന ഒരു പ്രതികൂടി അറസ്റ്റിൽ. ശാന്തിമഠം ബിൽഡേഴ്സ് ആൻഡ് ഡെവലപ്പേഴ്സ് മാനേജിങ് പാർട്ണർ നോർത്ത് പറവൂർ തെക്കേ നാലുവഴി ശാന്തിമഠം വീട്ടിൽ രഞ്ജിഷയാണ് (48) അറസ്റ്റിലായത്. തൃശൂർ സിറ്റി സ്ക്വാഡും ഗുരുവായൂർ പൊലീസും ചേർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

ശാന്തിമഠം വില്ല പ്രൊജക്ട് എന്ന പേരിൽ വില്ലകൾ നിർമിച്ചു കൊടുക്കാമെന്ന് പറഞ്ഞു നിക്ഷേപകരിൽ നിന്നും പണം വാങ്ങിയ ശേഷം വില്ല പൂർത്തിയാക്കാതെ ചതിച്ചതായാണ് കേസ്. 2012 -2018 കാലഘട്ടത്തിൽ ഗുരുവായൂർ പൊലീസ് സ്റ്റേഷനിൽ 100 ലധികം കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. അതിൽ രഞ്ജിഷ പ്രതിയായ 35 ലധികം കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരുന്നു. എന്നാൽ രഞ്ജിഷ വിചാരണക്ക് ഹാജരാകാതെ പൊലീസിനെയും കോടതിയെയും കബളിപ്പിച്ചു ഒളിവിൽ കഴിയുകയായിരുന്നു.

പ്രതിയെ പിടികൂടുന്നതിനായി കോടതി വാറന്റ് പുറപ്പെടുവിച്ചതിനെ തുടർന്ന് സിറ്റി പൊലീസ് കമ്മീഷണർ ആർ. ഇളങ്കോയുടെ നിർദേശനുസരണം ഗുരുവായൂർ എ.സി.പി കെ. എം. ബിജു, തൃശൂർ സ്പെഷൽ ബ്രാഞ്ച് എ.സി.പി കെ. സുഷീർ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപവത്ക്കരിച്ച് അന്വേഷണം നടത്തി വരികയായിരുന്നു. പാലക്കാട് കൊല്ലംകോട് നിന്നാണ് പ്രതിയെ പിടികൂടിയത്.

ഗുരുവായൂർ ഇൻസ്പെക്ടർ സി. പ്രേമാനന്ദകൃഷ്ണൻ, എസ്. ഐമാരായ ശരത്സോമൻ, കെ.എം. നന്ദൻ, സീനിയർ സി.പി.ഒ ജാൻസി, സി.പി. ഒ റെനീഷ്, സിറ്റി സ്ക്വാഡ് അംഗങ്ങളായ എസ്.ഐ റാഫി, എ.എസ്.ഐ പളനിസാമി, സീനിയർ സി.പി.ഒമാരായ പ്രദീപ് കുമാർ, സജി ചന്ദ്രൻ, സി.പി.ഒമാരായ സിംപ്സൺ, അരുൺ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. ഒളിവിലായായിരുന്ന മറ്റൊരു പ്രതി രാകേഷ് മനുവിനെ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

കെഎസ് പാർക്കിൽ ബാലകലോൽസവം നവംബർ 12, 13, 14 തീയതികളിൽ

ഇരിങ്ങാലക്കുട : കെഎസ് ഇ ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെഎസ് പാർക്ക് ആന്റ് ഇൻഫർമേഷൻ സെന്ററിന്റെ ശിശുദിനത്തോടനുബന്ധിച്ച് ബാലകലോൽസവം സംഘടിപ്പിച്ചുവരുന്നു. നവംബർ 12, 13, 14 തീയതികളിലായി നടക്കുന്ന കലോൽസവത്തിന് തുടക്കമായി. മൽസരങ്ങളിൽ 1500 ഓളം കുട്ടികൾ പങ്കെടുക്കുമെന്ന് കെഎസ്ഇ എംഡി എം പി ജാക്സൻ പത്രസമ്മേളനത്തിൽ അറിയിച്ചു.

14ന് വൈകീട്ട് 6 ന് നടക്കുന്ന സമാപന സമ്മേളനം ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ പരിപാടികൾ ഉദ്ഘാടനം ചെയ്യും. ചിത്ര രചന, ഫാൻസി ഡ്രസ്സ്, ലളിത ഗാനം, സംഘഗാനം, സിനിമാറ്റിക് ഡാൻസ് (ഗ്രൂപ്പ്), നാടോടിനൃത്തം, സംഘനൃത്തം, പ്രസംഗ മത്സരം, വെസ്റ്റാ ബേബി പ്രിൻസ് ആന്റ് പ്രിൻസസ്സ് എന്നീ ഇനങ്ങളിലാണ് മൽസരങ്ങൾ നടത്തുന്നത്. നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 5 പുതിയ കളിയുപകരണങ്ങളും പാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്.

കെഎസ്ഇ ജനറൽ മാനേജർ എം അനിൽ, പ്രോഗ്രാം ജനറൽ കൺവീനർ എം പി അനിൽകുമാർ, ചീഫ് ഫൈനാൻസ് ഓഫീസർ ശെന്തിൽ കുമാർ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു

ദർഘാസ് ക്ഷണിച്ചു

ചാവക്കാട്: വിത്ത് വികസന ഓഫീസ് ജില്ലയിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിലുള്ള വിവിധ വിത്തു തേങ്ങ ഉൽപ്പാദന കേന്ദ്രങ്ങളിലേക്ക് പോളിനേഷൻ പ്രവർത്തനത്തിന് ആവശ്യമായ കോറ ബാഗുകൾ ലഭ്യമാക്കുന്നതിനായി ദർഘാസ് ക്ഷണിച്ചു. ദർഘാസ് നവംബർ 15 ന് ഉച്ചതിരിഞ്ഞ് 3 നകം സീനിയർ കൃഷി ഓഫീസർ, വിത്തു വികസന യൂണിറ്റ്, മിനി സിവിൽ സ്റ്റേഷൻ, ചാവക്കാട് എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0487 2502580.

അഡ്വ. ഡോ പി സി മാത്യു നിര്യാതനായി



കുന്നംകുളം പ്രമുഖ ചരിത്രകാരൻ അഡ്വ.ഡോ.പി.സി.മാത്യു പുലിക്കോട്ടിൽ (90) നിര്യതനായി. ഭാര്യ: ഡോ.കുഞ്ഞമ്മ മാത്യു, മക്കൾ: ഡോ.ബാബു മാത്യു (ഡയറക്ടർ മലങ്കര മെഡിക്കൽ മിഷൻ ആശുപത്രി, കുന്നംകുളം), ഡോ. സബീന മാത്യു. മരുമക്കൾ: ഡോ. സിജി ജോർജ്ജ്, രൂപ ബാബു. സംസ്കാരം ഇന്ന് വൈകീട്ട് 4നു ഭവനത്തിൽ നിന്ന് ആരംഭിച്ച് ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രലിൽ. മലങ്കര സഭ മാസികയുടെ പത്രാധിപസമിതി അംഗമായിരുന്നു. കുന്നംകുളം മലങ്കര മെഡിക്കൽ മിഷൻ ആശുപത്രിയുടെ സ്ഥാപക പ്രവർത്തകനായിരുന്നു. വിവിധ ചരിത്രപുസ്തകങ്ങളും രചിച്ചിട്ടുണ്ട്. പ്രമുഖ വ്യക്തികൾ അടക്കം ധാരാളം പേർ ആദരാഞ്ജലികൾ അർപ്പിച്ചു.

കാറും ബസ്സും ഓട്ടോറിക്ഷയും കൂട്ടിയിടിച്ച് മലപ്പുറം സ്വദേശിയായ കാർ യാത്രികൻ മരിച്ചു

തൃശൂർ : ദേശീയപാതയിൽ എടമുട്ടം സെന്ററിൽ സ്വകാര്യ ബസ്സും കാറും കൂട്ടിയിടിച്ച് അപകടം. അപകടത്തിൽ യുവാവ് മരിച്ചു. കാറിലുണ്ടായിരുന്ന മലപ്പുറം തേഞ്ഞിപ്പാലം സ്വദേശി കൃഷ്ണനിലയത്തിൽ രാമകൃഷ്ണന്റെ മകൻ ശരൺ കൃഷ്ണൻ (21) ആണ് മരിച്ചത്. ഇന്ന് രാവിലെ ഏകദേശം 9.15 ഓടെ എടമുട്ടം സെന്ററിന് തെക്ക് ഭാഗത്തായിരുന്നു അപകടം. ഗുരുവായൂരിലേക്ക് പോയിരുന്ന സ്വകാര്യ ബസ്സും എറണാകുളം ഭാഗത്തേക്ക് പോയിരുന്ന കാറും ആണ് കൂട്ടിയിടിച്ചത്. റോഡരികിൽ നിർത്തിയിട്ടിരുന്ന ഓട്ടോറിക്ഷയും ഇലക്ട്രിസിറ്റി പോസ്റ്റും തകർന്നിട്ടുണ്ട്.

സ്കൂട്ടറും ബൈക്കും കൂട്ടിയിടിച്ച് അപകടം

ഗുരുവായൂർ : മുതുവെട്ടൂർ റോഡിൽ ഗവൺമെൻറ് ഹൈസ്കൂളിന് മുൻവശത്തായി സ്കൂട്ടറും ബൈക്കും കൂട്ടിയിടിച്ച് അപകടം.

അപകടത്തിൽ അമ്പാടി ഹോട്ടൽ ഉടമ സൈനുദ്ദീനാണ് പരിക്കേറ്റത്.പരിക്കേറ്റ സൈനുദീനെ സമീപവാസികൾ രാജ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. പച്ചക്കറി കടയിൽ നിന്നും റോഡിലേക്ക് കയറുമ്പോൾ അമിതവേഗതയിൽ വന്ന ബൈക്ക് ഇടിക്കുകയായിരുന്നു.

അതീവ സുരക്ഷയിൽ 14 പ്രശ്നബാധിത ബൂത്തുകൾ

ചേലക്കര: മണ്ഡലത്തിൽ 14 പ്രശ്നബാധിത ബൂത്തുകളാണുള്ളത്. ഇവിടെ മൈക്രോ ഒബ്സർവർമാരെ നിയോഗിച്ചിട്ടുണ്ട്. പ്രശ്നസാധ്യതാ ബൂത്തുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് സി.എ.പി.എഫ് ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കും. വെബ് കാസ്റ്റിങ് സംവിധാനം, വീഡിയോഗ്രാഫർ, പൊലീസ് സുരക്ഷ എന്നിവ ഉറപ്പാക്കും. ബൂത്തുകളിലെത്തുന്ന ഓരോ വോട്ടറും വോട്ട് ചെയ്യാനെത്തുന്നതും, രേഖപ്പെടുത്തിയതിന് ശേഷം പുറത്തിറങ്ങുന്നതും ഉൾപ്പടെയുള്ള മുഴുവൻ ദൃശ്യങ്ങളും ചിത്രീകരിക്കും.

വടക്കാഞ്ചേരി: ചേലക്കര നിയമസഭ തിരഞ്ഞെടുപ്പ് കലാശ കൊട്ട് നടന്നു. അവസാന പ്രചാരണത്തിനെ രാവിലെ മുതൽ ജനതാദൾ എസ്സ് സംസ്ഥാന ജനറൽ സെക്രട്ടറി സാബു ജോർജ്, ജില്ലാ പ്രസിഡന്റ് അഡ്വ. സി. ടി. ജോഫി, എറണാംകുളം ജില്ലാ പ്രസിഡന്റ് ജബ്ബാർ തച്ചയിൽ, തൃശൂർ ജില്ലാ ജനറൽ സെക്രട്ടറി പ്രീജു ആന്റണി, വിവിധ സ്ഥാപനങ്ങൾ, ആരാധനാലയങ്ങളിലും എൽഡി എഫ് സ്ഥാനാർഥി യു.ആർ. പ്രദീപിനുവേണ്ടി വോട്ട് അഭ്യർത്ഥിച്ചു.

ലൂബ്രിക്കന്റ്സ് മോഷണം

തൃശൂർ:നടത്തറ നാഷണൽ ഹൈവേ സർവീസ് റോഡിലെ ലൂബ്രിക്കന്റ് സ് സ്ഥാപനത്തിൽ നിന്ന് വാഹനങ്ങൾക്ക് ഉപയോഗിക്കുന്ന എഞ്ചിൻ ഓയിൽ 25,000 രൂപയുടെ ലൂബ്രിക്കന്റ്സ് മോഷ്ണം പോയി. ഒല്ലൂർ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. കുറഞ്ഞ വിലക്ക് എഞ്ചിൻ ഓയിൽ നടത്തറയിൽ വിറ്റ വ്യക്തിയെ കുറിച്ച് പോലീസിന് സൂചനയുള്ളതായും അറിയുന്നു.

മറ്റു പല കേസുകളിലും വാറന്റ് കേസിലും പിടികിട്ടുവാനുള്ള പ്രതിതന്നെയാണ് ഓയിൽ മോഷണക്കേസിലെ പ്രതിയെന്നും സൂചനയുണ്ട്. പ്രതിക്കായി അന്വേഷണം പുരോഗമിക്കുകയാന്നെന്നു പോലീസ് പറയുന്നു.

ഹോം വോട്ടിംഗ് സംവിധാനം ഏർപ്പെടുത്തി

ചേലക്കര മണ്ഡലത്തിൽ 85 വയസ്സിനു മുകളിലുള്ള 925 പേരും 40 ശതമാനത്തിലധികം ഭിന്നശേഷിയുള്ള 450 പേരും ചേർത്ത് 1375 പേർ ഹോം വോട്ടിംഗ് സംവിധാനം മുഖേന വോട്ട് ചെയ്തു. പ്രസ്തുത വോട്ടുകൾ വടക്കാഞ്ചേരി ട്രഷറിയിൽ ബന്തവസ്സോടെ സൂക്ഷിച്ചിരിക്കുകയാണ്.

വാര്യർ സമാജം യുവജന സംഗമം നടത്തി

ഗുരുവായൂർ : സമസ്ത കേരള വാര്യർ സമാജം പോഷക സമിതിയുടെ നേതൃത്വത്തിൽ സമാജത്തിലെ യുവജങ്ങളുടെ കൂട്ടായ്മ Youth Vibes 2k24 (യുവജന സംഗമം) അക്ഷയ ഹാളിൽ സംഘടിപ്പിച്ചു. വിവിധ ജില്ലകളിൽനിന്നും യുവതി-യുവാക്കളും സംസ്ഥാന ഭാരവാഹികളും പങ്കെടുത്തു. സംസ്ഥാന പ്രസിഡണ്ട് പി. കെ. മോഹൻദാസ് അധ്യക്ഷത വഹിച്ചു. റിട്ട. ഡി. വൈ. എസ്. പി. ഡോ. കെ ബി. സുരേഷ് ഉത്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി വി.വി.മുരളീധരൻ വാര്യർ, ട്രഷറർ വി. വി. ഗിരീശൻ, വനിതാ വേദി സെക്രട്ടറി ചന്ദ്രിക കൃഷ്ണൻ , പോഷക സമിതി കൺവീനർ രജനീഷ്. ആർ. വാര്യർ, വിഷ്ണു മോഹൻ എന്നിവർ പ്രസംഗിച്ചു.

സ്വാതന്ത്ര്യ ദിനാഘോഷം 2024 മത്സര വിജയികൾക്കുള്ള സമ്മാനവിതരണം നടത്തി. ഭാരവാഹികൾ : ദേവരാജൻ കുറ്റുമുക്ക്-തൃശൂർ (പ്രസിഡണ്ട്), നീതു വാര്യർ-പാലക്കാട് (സെക്രട്ടറി), ഹരികൃഷ്ണൻ വാര്യർ -ആലപ്പുഴ (ട്രഷറർ)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട കുടുംബകോടതി മുമ്പാകെ

OP: 1542/2022

കൊടുങ്ങല്ലൂർ താലൂക്ക് കയ്പമംഗലം വില്ലേജ് ദേശത്ത് കൊച്ചിപ്പറമ്പത്ത് ചന്ദ്രൻ മകളും ടി താലൂക്ക് എറിയാട് വില്ലേജ്, വള്ളോംപറമ്പത്ത് പണിക്കശ്ശേരി പ്രകാശൻ മകൻ പ്രസാദ് എന്നവർ ഭാര്യയുമായ 25 വയസ് ശ്രീലക്ഷ്മി

-ഹരജിക്കാരി

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ്, വള്ളോംപറമ്പത്ത് പണിക്കശ്ശേരി പ്രകാശൻ മകൻ 35 വയസ് പ്രസാദ്, പി ഒ എറിയാട്, പിൻ-680666

- എതൃകക്ഷി

മേൽ നമ്പറിലെ OP 1542/2022 നമ്പർ ഹരജിയിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് കേസ് 23-12-2024 തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ളതും ടി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 11-11-2024

ഹരജിക്കാരിഭാഗം അഡ്വക്കേറ്റ്

ഒ. എസ്. നഫീസ (ഒപ്പ്)

VEHICLE FOR SALE

SHRIRAM FINANCE LTD.

2nd Floor, Arya Tower, Above Union Bank of India

WADAKKANCHERY, THRISSUR-680582

Mob: 9539227120

Vehicle No	Vehicle Description	Year of manufacturing
KL48R 7704	TATA SIGNA 3525.TK BS6 FBT	2022 MODEL

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട കുടുംബകോടതി മുമ്പാകെ

O